പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5446 — 31.10.2016 -ൽ മറുപടിക്ക്.

## ഭക്ഷ്യ സംഭരണ ശാലകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.പി.ടി. തോമസ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സംഭരണ ശാലകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) 29.08.2016 ലെ സ.ഉ(കൈ)നം. 11/2016/ ഭ.പൊ.വി.വ പ്രകാരം നിലവിലെ സ്വകാര്യ മൊത്ത വിതരണക്കാർക്ക പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണ ശാലകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ' സ്വന്തം നിലയിലും ഭക്ഷ്യ സംഭരണ ശാലകൾ നിർമ്മിക്കുവാൻ ആലോചിച്ചു വരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിൽ വലിയതുറയിൽ ഭക്ഷ്യ സംഭരണ ശാല നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ സ്ഥലം അനുവദിച്ചു കിട്ടുന്നതനുസരിച്ച് ഭക്ഷ്യ സംഭരണ ശാലകൾ നിർമ്മിക്കുവാൻ സപ്ലൈകോ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഭക്ഷ്യ സാധനങ്ങളുടെ സുഗമമായ വിതരണത്തിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിവരിക്കുമോ ; | (ബി) സ്വകാര്യ മൊത്ത വിതരണക്കാരെ പൊതു വിതരണ രംഗത്തു നിന്നും ഒഴിവാക്കുന്നത് മൂലം പൊതു വിതരണ രംഗത്ത് നിലവിലുള്ള കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഭക്ഷ്യ ഭദ്രതാ പദ്ധതിയുടെ ഭാഗമായി എഫ്.സി.ഐ യിൽ നിന്നും ലഭ്യമാക്കുന്ന ധാന്യങ്ങൾ സംഭരിക്കുന്നതിനും സപ്ലൈകോയുടെ സ്വന്തം സംഭരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇത് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഏതെല്ലാം തലത്തിലാണ് ഇവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തി നല്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ